**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3964** **27-10-2021 - ൽ മറുപടിയ്ക്ക്**

**'കനൽ' ബോധവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്ത്രീസുരക്ഷയ്ക്കായി സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് വഴി കനൽ എന്ന പേരിൽ ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനും ബോധവത്കരണപ്രവർത്തനങ്ങൾ നടത്തുന്നതിനും വനിതാ ശിശു വികസന വകുപ്പ് ‘‘കനൽ' കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | സ്ത്രീസുരക്ഷ, ലിംഗസമത്വം, സ്ത്രീധന വിരുദ്ധ പ്രചരണം തുടങ്ങിയ വിഷയങ്ങളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ പങ്കെടുപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ്ത്രീ സുരക്ഷ, ലിംഗ സമത്വം, സ്ത്രീധന വിരുദ്ധ പ്രചരണം തുടങ്ങിയ വിഷയങ്ങളിൽ എല്ലാ കോളേജുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് പ്രതിസന്ധികൾ നേരിടുന്ന സ്ത്രീകൾക്ക് സേവനങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുബന്ധം-3 ആയി ചേർക്കുന്നു. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന സംരക്ഷണ നിയമം 2005 നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. ആയത് എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ Pre-marital counseling നടത്തുന്നതിനായിട്ടുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ഡി) | സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സ്ത്രീകൾക്ക് കനൽ പദ്ധതി വഴി നിയമസഹായം, കൗൺസിലിംഗ് എന്നിവ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | കനൽ' കർമ്മ പദ്ധതി പ്രകാരം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്ര സഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (ഇ) | കേന്ദ്ര സർക്കാർ പദ്ധതിയായ സ്വാധാർ ഗ്രഹ് പ്രകാരം അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനായി ഷെൽട്ടർ ഹോമുകൾ വകുപ്പ് നടത്തുന്നുണ്ട്. ലൈംഗിക ചൂഷണംതടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല. ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്നതിനായി എല്ലാ ജില്ലകളിലും 'വൺ സ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചു വരുന്നു. വൈദ്യ സഹായം കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ പ്രസ്തുത സെന്ററിൽ ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

സ്ത്രീകളുടെ സുരക്ഷയ്ക്കായി വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന മറ്റ് സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

- ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നുണ്ട്.
- ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ് പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള 'നിർഭയ" പോളിസികൾ നടപ്പിലാക്കുന്നുണ്ട്. 18 ഷെൽട്ടർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്.
- സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓൺ ലൈൻ പദ്ധതിയായ 'കാതോർത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടിക്കോ അവരുടെ പ്രതിനിധിക്കോ പരാതി സമർപ്പിക്കാൻ കഴിയുന്ന രക്ഷാദൂത് പദ്ധതി തപാൽ വകുപ്പുമായി സഹകരിച്ചു നടത്തി വരുന്നു. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ അറിയിക്കുന്നതിന് 9400080292 എന്ന വാട്ട്സാപ്പ് ഹെൽപ് ലൈൻ നമ്പർ പ്രവർത്തിക്കുന്നു.
- ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്നതിനായി എല്ലാ ജില്ലകളിലും 'വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വൈദ്യ സഹായം കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നി സേവനങ്ങൾ പ്രസ്തുത സെന്ററിൽ ലഭ്യമാകുന്നു.
- അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ പദ്ധതിയായ സ്വാധാർ ഗ്രഹ് പ്രകാരം പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്.
- സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേരളാ സ്ത്രീധന നിരോധന (ഭേദഗതി) ചട്ടങ്ങൾ 2021 പ്രകാരം വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും, 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. പരാതികൾ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് നൽകാവുന്നതും നിയമ സഹായം തേടാവുന്നതുമാണ്.

Section officer

## അനുബന്ധം -2

സ്ത്രീ സുരക്ഷ, ലിംഗ സമത്വം, സ്ത്രീ ധന വിരുദ്ധ പ്രചരണം തുടങ്ങിയ വിഷയങ്ങളിൽ എല്ലാ കോളേജുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ വിവിധ ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness Campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

കനൽ പദ്ധതി പ്രകാരം ടി വിഷയം സംബന്ധിച്ച് ടെക്നിക്കൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ കോളേജുകളിലും ബോധവത്കരണ ക്ലാസുകൾ നടത്തി വരുന്നു ലിംഗസമത്വം, സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത് വിവാഹ ധൂർത്തു നിയന്ത്രിക്കുന്നത് ശൈശവ വിവാഹം നിരോധിക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെയും കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Section officer

## അനുബന്ധം -1

'കനൽ' കർമ്മ പദ്ധതി വഴി ചുവടെ പറയുന്ന കാര്യങ്ങൾ ചെയ്തു വരുന്നു.

- സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വനിതാ ശിശു വികസന വകുപ്പ് "കനൽ" കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അതിക്രമത്തിനിരയായ സ്ത്രീകൾക്ക് വേണ്ടി 181 ഹെൽപ് ലൈൻ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

- ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ICDS സൂപ്പർവൈസർമാർമാർക്ക് ഏകദിന ഓൺലൈൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ICDS സൂപ്പർവൈസർമാർ അതത് പഞ്ചായത്ത് സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കുന്നതിനും സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നു.

- പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സും നൽകിയിട്ടുണ്ട്. എല്ലാ അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകിയിരിക്കുന്നതിനാൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളുള്ള സ്ത്രീകളുടെ വിവരങ്ങൾ അറിയുന്ന പക്ഷം പ്രാഥമിക സേവനം അങ്കണവാടി വർക്കർ വഴിയും ആവശ്യമെങ്കിൽ സൂപ്പർവൈസർക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. "പറയാം, പരിഹരിയ്ക്കാം' എന്ന കൈപ്പുസ്തകം ഇതിലേയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്.

- സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ വിവിധ ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

Section officer

## അനുബന്ധം - 4

കനൽ കർമ്മ പദ്ധതി വഴി സ്ത്രീകൾക്ക് നിയമ സഹായം കൗൺസിലിങ് എന്നിവ നൽകി വരുന്നു. കൂടാതെ കാതോർത്ത് പദ്ധതി പ്രകാരം സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ സൗജന്യമായി കേൾക്കുകയും, നിയമോപദേശം, പോലീസ് സഹായം Psychological aid എന്നിവയും നൽകി വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. പരാതികൾ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് നൽകാവുന്നതും നിയമ സഹായം തേടാവുന്നതുമാണ്. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം പരാതികൾ സ്വീകരിക്കുന്നതിനും സൗജന്യ നിയമ സഹായം നൽകുന്നതിനും ജില്ല വനിതാ സംരക്ഷണ ഓഫീസർമാരെയും 83 SPC കളിലെ ലീഗൽ കൗൺസിലർമാരെയും നിയോഗിച്ചിട്ടുണ്ട്.

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ് പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള 'നിർഭയ " പോളിസികൾ നടപ്പിലാക്കുന്നുണ്ട് .

സ്ത്രീകൾക്ക് സുരക്ഷിതമായ തൊഴിലിടവും അവകാശവും ഉറപ്പുവരുത്തുന്നതിനും തൊഴിൽ സ്ഥലത്ത് സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും നിരോധിക്കലും പരിഹാരവും) നിയമം 2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെയും - ജീവനക്കാർക്ക് ഓൺലൈൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. POSH Act 2013 സംബന്ധിച്ച് ഹാന്റ് ബുക്ക് പ്രിന്റ് ചെയ്ത് സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

ടി നിയമം സുഗമായി നടപ്പിലാക്കുന്നതിനായി വകുപ്പിലെ 258 ശിശു വികസന പദ്ധതി ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട് ഇതിനോടനുബന്ധിച്ച് പുതിയ ജീവനക്കാർക്ക് ബോധവല്ക്കരണം നൽകുന്നതിനായി ഒരു ലക്ഷം ബുക്ക്ലെറ്റ് നൽകിയിട്ടുണ്ട്. പൊതു ജനങ്ങൾക്കിടയിൽ ഈ നിയമം സംബന്ധിച്ച ബോധവല്ക്കരണം ഓൺലൈൻ വഴിയും സോഷ്യൽ മീഡിയ വഴിയും നൽകി വരുന്നുണ്ട്.

Section officer